പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2280 — 15.07.2011 - ൽ മറുപടിക്ക്

## എൻ.എച്ച്. 212 - ന്റെ വികസനം

| ചോദ്യം<br>ശ്രീ.പി.റ്റി.എ.റഹീം | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(ബഹു.മരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എൻ.എച്ച്.212 വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ദേശീയപാതയായ എൻ.എച്ച്. 212 ദേശീയപാതവികസന പദ്ധതി നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി 10 മീറ്റർ വീതിയിൽ രണ്ടുവരി പാതയായി PPP (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) രീതിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ സാധ്യത പഠന റിപ്പോർട്ട് കൺസൾട്ടൻസിയെ നിയോഗിച്ച് തയ്യാറാക്കുകയുണ്ടായി. കൂടാതെ കേന്ദ്ര മന്ത്രാലയം സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിന് RFQ (Request For Qualification) ക്ഷണിക്കുകയും, സംരംഭകരുടെ ഷോർട്ട്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്രം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയത് കാരണം ചെറിയ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്കും കാരന്തൂർ ജംഗ്ഷനിലെ തകർച്ചയും ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | അറ്റകുറ്റപ്പണികൾ അതാത് സമയങ്ങളിൽ നടത്തുവാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ